ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.02.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 131-ാം പതിപ്പ് ഇന്ന്; ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

   **PM Narendra Modi will share his thoughts in Mann Ki Baat today; The program will be available live on All India Radio and Doordarshan.**

2. ഉത്തർപ്രദേശിലെ മീററ്റിൽ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister will inaugurate various development projects in Meerut, Uttar Pradesh today.**

3. ന്യൂഡൽഹി പ്രഖ്യാപനത്തിന്റെ അംഗീകാരത്തോടെ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിക്ക് സമാപനമായി. സാമൂഹിക നന്മയ്ക്ക് നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച സമവായം, 88 രാജ്യങ്ങൾ അംഗീകരിച്ചു.

   **India-AI Impact Summit concludes with adoption of New Delhi Declaration. The consensus on using artificial intelligence for social good accepted by 88 countries.**

4. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനഃരാരംഭിക്കും.

   **The Kerala Legislative Assembly's budget session will resume tomorrow.**

5. കേരളത്തിൽ വിവിധ ജില്ലകളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.

**The India Meteorological Department has warned of possible thunderstorms with lightning and strong winds in various districts of Kerala. Fishing prohibited today along the Kerala-Lakshadweep coasts.**

6. ICC ടി -20 ലോകകപ്പ് സൂപ്പർ 8 ൽ ഇന്ന് ഇന്ത്യ-ദക്ഷിണാഫ്രിക്ക പോരാട്ടം.

**In the ICC T-20 World Cup Super 8, India will face South Africa today.**

**********************************

# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഇന്ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും രാവിലെ 11 മണിക്ക് പരിപാടി ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും.

**********************************

# REV. PM-MEERUT

ഉത്തർപ്രദേശിലെ മീററ്റിലെ ശതാബ്ദി നഗർ നമോ ഭാരത് സ്റ്റേഷനിൽ മീററ്റ് മെട്രോയും നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. മീററ്റ് സൗത്ത് സ്റ്റേഷൻ വരെ പ്രധാനമന്ത്രി മെട്രോ യാത്ര നടത്തും. ശേഷം, മീററ്റിൽ 12,930 കോടിയോളം രൂപയുടെ വിവിധ വികസന പദ്ധതികൾ ശ്രീ മോദി ഉദ്ഘാടനം ചെയ്യും. 82 കിലോമീറ്റർ ഡൽഹി-മീററ്റ് നമോഭാരത് കോറിഡോർ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. ഇന്ത്യയിലെ ആദ്യ നമോ ഭാരത് റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന്റെ മറ്റ് സെക്ഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**********************************

## NEW DELHI DECLARATION - AI IMPACT SUMMIT

'ന്യൂഡൽഹി പ്രഖ്യാപനത്തിന്റെ അംഗീകാരത്തോടെ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിക്ക് സമാപനമായി. സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക നന്മയ്ക്കുമായി നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച സമവായം 88 രാജ്യങ്ങളും അന്താരാഷ്ട്ര സംഘടനകളും അംഗീകരിച്ചു. അന്താരാഷ്ട്ര സഹകരണവും പങ്കാളിത്തവും വർധിപ്പിക്കുന്നതിനായി ഏഴ് തന്ത്ര പ്രധാന മേഖലകളിൽ സഹകരണത്തിനും ധാരണയായി.

**********************************

## AI SUMMIT - REACTIONS

നിർമ്മിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങൾ, ആശയങ്ങൾ എന്നിവ പങ്കുവയ്ക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്കും, വ്യവസായ പ്രമുഖർക്കും, നയരൂപീകരണ കർത്താക്കൾക്കും ന്യൂ ഡൽഹിയിലെ ഇന്ത്യ-എഐ ഇമ്പാക്ട് ഉച്ചകോടി അവസരമൊരുക്കി. മേഖലയിലെ നൂറോളം സ്ഥാപകർ, സിഇഒ മാർ 150 ഓളം അക്കാദമിക വിദഗ്ധർ, ഗവേഷകർ തുടങ്ങിയവർ പങ്കെടുത്തു. അഞ്ചു ലക്ഷത്തിലേറെപ്പേരാണ് പരിപാടി കാണാൻ എത്തിയത്.

**********************************

## PM- INDIA CHIP

ഉത്തർപ്രദേശിലെ യമുന എക്സ്പ്രസ് വെ വ്യാവസായിക അതോറിട്ടിയിൽ ആരംഭിക്കുന്ന HCL-ഫോക്സ് കോൺ സംയുക്ത സംരംഭ പദ്ധതിയായ, ഇന്ത്യ ചിപ്പ് പ്രൈവറ്റ് ലിമിറ്റഡിന്റെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി വെർച്വലായി നിർവ്വഹിച്ചു. സാങ്കേതിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള സുപ്രധാന ചുവട് വെയ്പ്പാണ് ഈ പദ്ധതിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. ആഗോളതലത്തിൽ ഇന്ത്യയുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ഏറെ ഗുണകരമാകുമെന്നും അദ്ദേഹം അറിയിച്ചു.

**********************************

## INDO-BRAZIL TRADE

2030 ഓടെ ഉഭയകക്ഷി വ്യാപാരം 20 ബില്യൺ ഡോളറിൽ നിന്ന് 30 ബില്യൺ ഡോളറിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ട് ഇന്ത്യയും ബ്രസീലും. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുടെ ഇന്ത്യാ സന്ദർശന വേളയിലാണ് തീരുമാനമെന്ന് വിദേശകാര്യ സെക്രട്ടറി പി കുമരൻ അറിയിച്ചു. എണ്ണ, പ്രകൃതി വാതകം, പുനരുപയോഗ ഊർജ്ജം, ഉപഗ്രഹ നിർമ്മാണം, കൃഷി, ആരോഗ്യം, യോഗ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇരു രാജ്യങ്ങളും ധാരണയായി.
*********************************

## MSME - MoUS

എം എസ് എം ഇ മേഖലയിലെ പുരോഗതി ലക്ഷ്യമിട്ടുള്ള ധാരണാപത്രത്തിൽ ഇന്ത്യയും ബ്രസീലും ഒപ്പുവച്ചു. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുടെയും സാന്നിധ്യത്തിൽ ധാരണാപത്രം കൈമാറി. സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പരസഹകരണം മെച്ചപ്പെടുത്തുന്നതിനും ധാരണാപത്രം വേദിയൊരുക്കുമെന്ന് എംഎസ്എംഇ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.
*********************************

## AMIT SHAH ASSAM VISIT (INTRO)

അടുത്ത മാസം 31-ഓടെ രാജ്യത്തുനിന്ന് നക്സലിസം പൂർണമായും തുടച്ചു നീക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷാ. ഗുവാഹത്തിയിൽ 87-ാമത് സ്ഥാപക ദിന പരേഡിൽ സിആർപിഎഫ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ നക്സൽ വിമുക്തമാക്കുന്നതിൽ സി.ആർ.പി.എഫ്, കോബ്ര ബറ്റാലിയൻ എന്നിവ മികച്ച പ്രവർത്തനമാണ് കാഴ്ചവക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

*********************************

## VP - TAMIL NADU VISIT

ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട് സന്ദർശിക്കും. മധുരയിലെ വണ്ടിയൂരിൽ വി.ഒ. ചിദംബരം പിള്ളയുടെ പ്രതിമയുടെ ശിലാസ്ഥാപന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും. തുടർന്ന് തിരുകോഷ്ടിയൂർ സൗമ്യ നാരായണ പെരുമാൾ ക്ഷേത്രവും ശിവഗംഗയിലെ റാണി വേലു നാച്ചിയാർ കൊട്ടാരവും ഉപരാഷ്ട്രപതി സന്ദർശിക്കും.

**********************************

## ASSEMBLY - KERALA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനഃരാരംഭിക്കും. ചോദ്യോത്തരവേളയ്ക്ക് ശേഷം ഉച്ചയ്ക്ക് ഒരു മണി മുതൽ രണ്ട് മണി വരെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിൻമേൽ ചർച്ച നടക്കും. ഈ മാസം 27 വരെ ചേരുന്ന സഭ പിന്നീട് മാർച്ച് നാലിന് വീണ്ടും സമ്മേളിക്കും.

**********************************

## SIR KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. രണ്ട് കോടി അറുപത്തി ഒൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി നാല് പേരാണ് അന്തിമ വോട്ടർ പട്ടികയിലുള്ളത്. കരട് പട്ടികയിൽ നിന്ന് 53,229 പേരെ ഒഴിവാക്കിയിട്ടുണ്ട്. ഇലക്ടറൽ സർച്ച് ഡോട്ട് ഇസിഐ ഡോട്ട് ജിഒവി ഡോട്ട് ഇൻ എന്ന വെബ്സൈറ്റിലൂടെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനാവും. നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിക്കുന്ന സമയം വരെ ഇനിയും പുതിയ വോട്ടർമാർക്കു പേര് ചേർക്കാൻ അവസരമുണ്ട്. കേരളം ഉൾപ്പെടെ 5 സംസ്ഥാനങ്ങളിലെ വോട്ടർ പട്ടികയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പുറത്തിറക്കിയത്.

**********************************

## RAIN-KERALA

കേരളത്തിൽ ചിലയിടങ്ങളിൽ ഇന്നും ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തെക്കൻ ജില്ലകളിൽ ഇന്നലെ വേനൽ മഴയെത്തി. പത്തനംതിട്ട കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഇന്ന് ഏർപ്പെടുത്തിയിട്ടുണ്ട്.

***********************************

## CISF CYCLATHONE (INTRO)

സുരക്ഷിത തീരങ്ങൾ സമൃദ്ധമായ ഇന്ത്യ എന്ന സന്ദേശവുമായി സിഐഎസ്എഫ് സംഘടിപ്പിക്കുന്ന വന്ദേ മാതരം സൈക്ലത്തോൺ കേരളത്തിലെ പര്യടനത്തിന്റെ രണ്ടാം ദിവസം വിജയകരമായി പൂർത്തിയാക്കി. സൈക്ലത്തോൺ ഇന്ന് കൊച്ചിയിൽ സമാപിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരിത്തി.**

(വോയിസ്)

***********************************

## CRICKET T20 WC

ICC ടി-20 ലോകകപ്പ് സൂപ്പർ 8 പോരാട്ടങ്ങൾക്ക് ഇന്നലെ കൊളംബോയിൽ തുടക്കമായി. ശക്തമായ മഴയെ തുടർന്ന് ന്യൂസിലാൻഡും, പാകിസ്ഥാനും തമ്മിലുള്ള മത്സരം ഉപേക്ഷിച്ചു. ഇരു ടീമുകൾക്കും ഓരോ പോയിന്റ് വീതം ലഭിച്ചു. സൂപ്പർ 8 ലെ ഇന്ത്യയുടെ ആദ്യ മത്സരം ഇന്ന് നടക്കും. വൈകിട്ട് ഏഴിന് അഹമ്മദാബാദിൽ ദക്ഷിണാഫ്രിക്കയ്ക്ക് എതിരെയാണ് കളി. നാല് മത്സരങ്ങളും ജയിച്ച് ഗ്രൂപ്പിൽ ഒന്നാമതായാണ് ഇന്ത്യ സൂപ്പർ 8-ൽ ഇടം പിടിച്ചത്.

***********************************

## WOMENS T-20

ഓസ്ട്രേലിയയ്ക്കെതിരായ വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നലെ നടന്ന മത്സരത്തിൽ

ഓസ്ട്രേലിയയെ 17 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. മൂന്നു മത്സരങ്ങളടങ്ങിയ പരമ്പര 2-1 നാണ് ഇന്ത്യ നേടിയത്.
**********************************

## ISL - KOCHI

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്- മുംബൈ സിറ്റി മത്സരം ഇന്ന് കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കും. രാത്രി 7.30 നാണ് മത്സരം. ഇതോടനുബന്ധിച്ച് നഗരത്തിൽ കർശന ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. വിവിധ പ്രദേശങ്ങളിൽ നിന്നെത്തുന്ന കാണികൾക്കായി പ്രത്യേക പാർക്കിംഗ് കേന്ദ്രങ്ങളും യാത്രാ ക്രമീകരണങ്ങളും നിശ്ചയിച്ചു. രാത്രി 11.30 വരെ മെട്രോ സർവീസ് നടത്തും.
**********************************

## FOREX RESERVES

രാജ്യത്തെ വിദേശ നാണ്യ കരുതൽ ശേഖരത്തിൽ വർധനവ്. ഈ മാസം 13 നു അവസാനിച്ച ആഴ്ചയിലെ കണക്കു പ്രകാരം 725.727 ബില്യൺ ഡോളർ ശേഖരമാണ് രാജ്യത്തുള്ളത്. സ്വർണ ശേഖര മൂല്യം 128.466 ബില്യൺ ഡോളറിൽ എത്തിയതായി ആർബിഐ അറിയിച്ചു. വിദേശ നാണ്യ ആസ്തി 573.603 ബില്യൺ ഡോളർ ആയും ഉയർന്നിട്ടുണ്ട്.
**********************************

## DELHI-NCR.- AIR QUALITY MANAGEMENT

വാതക പുറന്തള്ളൽ സംബന്ധിച്ച് ഡൽഹി-ദേശീയ തലസ്ഥാന മേഖലയിൽ നിയന്ത്രണങ്ങളുമായി വായു ഗുണനിലവാര നിർവഹണ കമ്മീഷൻ. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് നടപടി. പ്രത്യേക വ്യവസായങ്ങൾക്ക് ചെറു കണികകളുടെ പുറന്തള്ളൽ സംബന്ധിച്ച് ഘനമീറ്ററിൽ 50 മില്ലിഗ്രാം എന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് പരിസ്ഥിതി മന്ത്രാലയം അറിയിച്ചു. നടപടി മലിനീകരണം കുറയ്ക്കാനും, പ്രദേശത്തെ വായു ഗുണനിലവാരം മെച്ചപ്പെടുത്താനും സഹായിക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

*

****************

***************************************************